# ലൂക്കാ 18, 35– 19: 10 ആഗ്രഹിക്കുക, കാത്തിരിക്കുക

**1. ആഗ്രഹിക്കുക, കാത്തിരിക്കുക.**

തികച്ചും ഭൗതീകമായ കുറവുകൾകൊ് ക്രിസ്തുവിനെ കാണാനോ അനുഭവിക്കാനോ സാധിക്കാതിരുന്ന അന്ധനായ യാചകന്റെയും സക്കേവൂസിന്റെയും ജീവിതത്തിലേക്ക് ക്രിസ്തു കടന്നുചെല്ലുന്ന സംഭവങ്ങളാണ് ഇന്നത്തെ സുവിശേഷം ചർച്ചചെയ്യുന്നത്. അന്ധന് കാഴ്ചയില്ലായിരുന്നതുകൊ് ക്രിസ്തുവിനെ കാണാൻ സാധിച്ചില്ല. സക്കേവൂസിനാകട്ടെ പൊക്കവും കുറവായിരുന്നു. രുപേർക്കും ഭൗതിതമായ കുറവുകളുായിരുന്നെങ്കിലും ക്രിസ്തുവെന്ന വ്യക്തിയെ കാണണം എന്ന ആഗ്രഹം രുപേരിലും ഉായിരുന്നു. അന്ധനായ മനുഷ്യന് ഒരുപക്ഷെ കാഴ്ചലഭിക്കുവാനുള്ള ആഗ്രഹംകൊായിരുന്നിരിക്കാം. എന്നാൽ സക്കേവൂസിന് ജനാവലിചുറ്റും കൂടുന്ന വലിയ മനുഷ്യനെക്കാണുവാനുള്ള വെറും കൗതുകവുമായിരുന്നിരിക്കാം. എന്തുതന്നെയായിരുന്നാലും അവരുടെ ആഗ്രഹത്തെ മാനിക്കുന്നവനായി ക്രിസ്തുമാറുന്നു.നമ്മുടെ ജീവിതത്തിന്റെ കുറവുകളൊന്നും ക്രിസ്തുദർശനത്തിനും, മിശിഹാനുഭവത്തിനും തടസമല്ല. മറിച്ച് കുറവുകളിൽ നിന്നുകൊ് ഈശോയെ അറിയാനാം അനുഭവിക്കുവാനും അന്ധനെയും സക്കേവൂസിനെയും പോലെ നാം ആഗ്രഹിക്കുക, കാത്തിരിക്കുക. അപ്പോൾ ദൈവം നമ്മുടെ ജീവിതത്തിലും ഇടപെടും എന്നത് തീർച്ചയാണ്.

**2.ക്രിസ്തുവിന്റെ ഇടപെൽ അന്ധന്റെയും, സക്കേവൂസിന്റെയും ജീവതത്തിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. കാഴ്ച്ചലഭിച്ചവൻ ദൈവത്തെമഹത്വപ്പെടുത്തി ക്രിസ്തുവിന്റെ പിന്നാലെ പോയി. അവനെക്ക് എല്ലാവരും ദൈവത്തെ സ്തുതിച്ചു(18,43). സക്കേവൂസിന് ആന്തരികവും ബാഹ്യവുമായ മാറ്റങ്ങളുായി.**

**1.അന്ധൻ**

അന്ധൻ, ദൈവത്തെ മഹത്വപ്പെടുത്തി, പിന്നാലെ പോയി, അതുകവർ ദൈവത്തെ സ്തുതിച്ചു. ക്രിസ്തിയാനിയുടെ ജീവിതം ക് അല്ലെങ്കിൽ ദൈവം ഇടപെട്ടവരുടെ ജീവിതം ക് മറ്റുള്ളവർ പ്രചോതിതരാകണം. അവർ ക്രിസ്തുവിനെ മഹത്വപ്പെടുത്തണം. മാനസാന്തരത്തിലേക്ക് വരണം. നമ്മുടെ ജീവിതം ക് മറ്റുള്ളവർ ഇങ്ങനെയൊക്കെ പെരുമാറാറുാ? പലപ്പോഴും ക്രിസ്തിയാനിയുടെ ജീവിതം ക് മറ്റുള്ളവർ ഇന്ന് ദൈവത്തെ പഴിക്കാറു്. ക്രിസ്തുവിനെ ഉപേക്ഷിച്ച് പോകാറുമു്....വിചിന്തനം ചെയ്യുക.. വിലയിരുത്തുക.. എന്നെയും എന്റെ ജീവിതത്തെയും... കുടുംബജീവിതത്തെയുമെല്ലാം....

**2. സക്കേവൂസ്**

സക്കേവൂസിൽ ദൈവം ഇടപെട്ടപ്പോൾ അവന് അദ്ധ്യാത്മികവും ബാഹ്യവുമായ മാറ്റമുായി. അവൻ ചെയ്തതിനെല്ലാം അവൻ പ്രതിപ്രവൃത്തിചെയ്തു. ചില വ്യക്തികൾ മാറ്റം ഒരുവശത്തേക്കുമാത്രമാണ്. ആദ്ധ്യാത്മിക മാറ്റങ്ങൾ മാത്രം. ചെയ്തതിന് പ്രതിപ്രവൃത്തി ചെയ്യുവാനോ, മറ്റുള്ളവരെ പരിഗണിക്കുവാനോ അവർക്ക് താല്പര്യമില്ല. ഇത് മാറ്റമല്ല. ആത്മീയ അഹങ്കാരമാണ്. ക്രൈസ്തവ ആദ്ധ്യാത്മികതക്ക് ര് മാനങ്ങളാണ് ഉള്ളത്. ദൈവത്തെയും സഹോദരനെയും ഒരുപോലെ സ്നേഹിക്കാൻ സാധിക്കുന്നതാണ് യഥാർത്ഥ ആദ്ധ്യാത്മികത. ഇത് തിരിച്ചറിയുന്നവനാണ് ശരിക്കുള്ള വിശ്വാസി.

**ഫാ. ജോസഫ് കോയിക്കൽ**